# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 6652** **04.04.2018-ൽ മറുപടിക്ക്**

## ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം

ചോദ്യം

**ശ്രീ.എ. എൻ. ഷംസീർ**

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്തെല്ലാം കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

പ്രൊഫ: സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന ഭിന്ന ശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി കേന്ദ്രാവിഷ്കൃത പദ്ധതിയായ സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ.) മുഖേന റിസോഴ്സ് അദ്ധ്യാപകരുടെ സേവനം, ഓട്ടിസം ബാധിച്ച കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനും മറ്റു കഴിവുകളിൽ പ്രാപ്തരാക്കുന്നതിനും സഹായിക്കുക , കുട്ടികൾക്ക് ആവശ്യമുള്ള വിവിധ തരം തെറാപ്പികൾ നൽകുക, .റിസോഴ്സ് അദ്ധ്യാപകരുടെ പിൻതുണയോടെ അക്കാദമിക സേവനം, സാമൂഹികപരമായ ഉൾചേർക്കൽ പരിപാടിയുടെ ഭാഗമായി സഹവാസ ക്യാമ്പുകൾ, സായന്തന വേദി, പ്രോഗ്രാമുകൾ , ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കൾക്കായി കൗൺസിലിംഗ്, ബോധവൽക്കരണ പരിപാടി എന്നിവ നൽകിവരുന്നു. ടി കുട്ടികളുടെ പഠനത്തിന് സഹായിക്കുന്നതിനായി പഠന യാത്രകൾ സംഘടിപ്പിക്കുന്നു. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ(ആർ.എം.എസ്.എ.) പദ്ധതി മുഖേന 9 മുതൽ 12 വരെ ക്ലാസുകളിലെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കാറ്റഗറി അനുസരിച്ച് ബുക്ക് ആൻറ് സ്റ്റേഷനറി, എസ്കോർട്ട് അലവൻസ്, റീഡർ അലവൻസ്,ട്രാൻസ്പോർട്ടേഷൻ അലവൻസ്, യൂണിഫോം, പെൺകുട്ടികളുടെ സ്കോളർഷിപ്പ്, എയ്ഡ്സ് ആൻറ് അപ്ലൈൻസ് എന്നിവ നൽകിവരുന്നു. കൂടാതെ 853 റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ഇവർക്കായി ലഭ്യമാക്കിയിട്ടുണ്ട്. റിസോഴ്സ് അദ്ധ്യാപകർക്ക് പരിശീലനം നൽകി അവരിലൂടെ മറ്റ് അദ്ധ്യാപകർ ഉൾപ്പെടെ വിദ്യാഭ്യാസത്തിനായി പ്രാപ്തരാക്കുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്കായി ഹോർട്ടികൾച്ചർ തീം പാർക്ക് ഓരോ ജില്ലയിലും സജ്ജീകരിക്കാനുള്ള ട്രെയിനിംഗും നൽകിയിട്ടുണ്ട്.കൂടാതെ എല്ലാ വർഷവും ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തുന്നതിന് വൈദ്യപരിശോധനാ ക്യാമ്പുകൾ നടത്തുകയും ഇപ്രകാരം കണ്ടെത്തുന്ന കുട്ടികൾക്ക് സഹായഉപകരണങ്ങളും പഠന ഉപകരണങ്ങളും, സാമ്പത്തികസഹായവും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ